കണ്ണൂർ ഗവൺമെന്റ് നഴ്സിംഗ് സ്കൂൾ

74 (1899) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവ. നേഴ്സിംഗ് സ്കൂളിന്റെ ബിൽഡിംഗ് നിർമ്മാണ വർക്ക് ടെർമിനേറ്റ് ചെയ്യുന്നതു സംബന്ധിച്ച് ധനകാര്യ വകുപ്പിലുള്ള 120287/15 ഇ ഫയലിൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത നടപടി ഉത്തരവ് ലഭിക്കുന്നതിന് സാങ്കേതിക തടസ്സങ്ങളെന്തെങ്കിലും നിലവിലുണ്ടോ ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഫയലിൽ തീരുമാനമാകാത്തതിനാൽ പ്രസ്തുത നേഴ്സിംഗ് സ്കൂളിന്റെ അംഗീകാരം നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഈ വിഷയം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിന്റെ 11930/ഇ 3/15/പൊ.മ.വ. നമ്പർ ഫയലിൽ 17-11-2015-ൽ 73560/ഇൻഡ് & പി. ഡബ്ല്യു.ബി2/15/ധന നമ്പർ പ്രകാരം ധനവകുപ്പിന്റെ അഭിപ്രായത്തോടെ ഫയൽ നൽകിയിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച അന്തിമ ഉത്തരവ് പുറപ്പെടുവിക്കേണ്ടത് പൊതുമരാമത്ത് വകുപ്പിൽനിന്നുമാണ്.

(സി) ഇക്കാര്യം പൊതുമരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

75 (1900) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ മുൻഗണനാപരിപാടിയായി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന 'സെന്റർ ഫോർ പബ്ലിക് റിസർച്ച്' എന്ന സ്ഥാപനം സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ആരംഭിച്ചത് ; ഇത് എവിടെയാണ് സ്ഥിതിചെയ്യുന്നത് ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ഘടനയും പ്രവർത്തനരീതിയും വിശദമാക്കുമോ ; സ്ഥാപനത്തിന്റെ പ്രഖ്യാപനവേളയിൽ ലക്ഷ്യമിട്ടിരുന്ന നേട്ടങ്ങൾ ആയതിന്റെ ഇതുവരെയുള്ള പ്രവർത്തനഫലമായി ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത സ്ഥാപനത്തിനായി 2012-13 വർഷത്തിലെ ബഡ്ജറ്റിൽ എത്ര രൂപ വകയിരുത്തിയിരുന്നുവെന്നും ആയതിൽ എത്ര രൂപ അനുവദിക്കപ്പെട്ടു എന്നും എത്ര രൂപ പിൻവലിക്കപ്പെടാതെയുണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) തുടർന്നുള്ള ബഡ്ജറ്റുകളിൽ ആയതിനായി രൂപ വകയിരുത്തിയിരുന്നോ ; എത്ര രൂപ വീതം വകയിരുത്തിയിരുന്നുവെന്നും എത്ര വീതം അനുവദിക്കപ്പെട്ടുവെന്നും എത്ര രൂപ പിൻവലിക്കാതെ ട്രഷറിയിൽ അവശേഷിക്കുന്നുവെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സെന്റർ ഫോർ പബ്ലിക് റിസർച്ച് എന്ന സ്ഥാപനം ധനകാര്യ വകുപ്പിന്റെ കീഴിൽ ആരംഭിച്ചിട്ടില്ല. 13-2-2013-ലെ ഗവ. ഉത്തരവ് (പി) നമ്പർ 78/2013/ധന പ്രകാരം സംസ്ഥാനത്ത് "പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്" ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം കൈമനത്ത് (പാപ്പനംകോട് ഗ്രാമത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷന്റെ പഴയ ബിൽഡിംഗിൽ) സ്ഥിതി ചെയ്യുന്നു.

(ബി) സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന്റെ മാതൃകയിൽ ആണ് പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നത്. കേരള സമൂഹവും സമ്പദ് വ്യവസ്ഥയും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിവിധമേഖലകളിലെ ഗവേഷണവും ഡോക്യുമെന്റേഷനും ഏറ്റെടുത്തുകൊണ്ട് അറിവിന്റെ ഉൽപ്പാദനത്തിന്റെയും വ്യാപനത്തിന്റെയും കേന്ദ്രമായി പ്രവർത്തിക്കുക എന്നതാണ് പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന പ്രവർത്തന മേഖല. 31-3-2015 തീയതിയിലെ സ.ഉ. (സാധ) 3307/2015/ധന നമ്പർ ഉത്തരവ് പ്രകാരം പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിക്കുന്നത് സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ മുൻ ധനകാര്യ വകുപ്പ് മന്ത്രി ശ്രീ. കെ. എം. മാണി അദ്ധ്യക്ഷനായും റിസർവ് ബാങ്ക് മുൻ ഗവർണർ ഡോ. സി. രംഗരാജൻ സഹ അദ്ധ്യക്ഷനായും പ്രൊഫ. എം. എസ്. സ്വാമിനാഥൻ, ഡോ. എം. എസ്. വല്യത്താൻ, ചീഫ് സെക്രട്ടറി, ഡോ. എം. എ. ഉമ്മൻ, ഡോ. ആർ. വി. ജി. മേനോൻ, ശ്രീ. പി. സി. സിറിയക്ക്, ശ്രീ. കൊച്ചൗസേഫ് ചിറ്റിലപ്പള്ളി എന്നിവരടങ്ങിയ ഒരു ഭരണ സമിതി പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി രൂപീകരിച്ചിട്ടുണ്ട്. സ്പെഷ്യൽ ഓഫീസറായി ഡോ. ജോസ് ജേക്കബിനെ പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ എക്സ് ഒഫിഷ്യോ സെക്രട്ടറിയായി നിയമിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് രൂപ അനുവദിച്ചിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2013-14-ൽ 25 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 3 ലക്ഷം രൂപ ചെലവഴിച്ചു. 2014-15ൽ 10 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 5 ലക്ഷം രൂപ ചെലവഴിച്ചു. 2015-16-ൽ 3 കോടി രൂപ വകയിരുത്തിയിരുന്നതിൽ 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അറിയിച്ച പ്രകാരം 30 ലക്ഷം രൂപ ട്രഷറിയിൽ അവശേഷിക്കുന്നുണ്ട്.

ബഡ്ജറ്റ് വിഹിതം

76 (1901) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2015-16 വരെയുള്ള ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ പദ്ധതി/പദ്ധതിയേതര ചെലവുകൾക്കായി ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുക, യഥാർത്ഥ ചെലവ്, വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) 2006-07 മുതൽ 2010-11 വരെയുള്ള ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ പദ്ധതി/പദ്ധതിയേതര ചെലവുകൾക്കായി ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുക, യഥാർത്ഥ ചെലവ്, വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 2006-07 മുതൽ 2015-16 വരയുള്ള ഓരോ സാമ്പത്തിക വർഷവും വിവിധധനാഭ്യർത്ഥനകളിൽ ഓരോ വകുപ്പുകൾക്കായി പദ്ധതി/പദ്ധതിയേതര ചെലവുകൾക്ക് വകയിരുത്തപ്പെട്ട തുക, ചെലവ്, ചെലവഴിച്ച തുകയുടെ ശതമാനം എന്നിവ അനുബന്ധമായി* ചേർക്കുന്നു.

അടിസ്ഥാന സൗകര്യ വികസനം

77 (1902) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ (2011-12) സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിനായി ചില പ്രധാന പദ്ധതികൾ പ്രത്യേക പരിഗണന നൽകി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ ; വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly